# 16

# ആദ്യത്തെ ഒരു കൂട്ടം അത്ഭുതങ്ങൾ

## (8:1-17)

ഈ പോയിന്റ് വരെ, മത്തായിയുടെ സുവിശേഷത്തിൽ, യേശുവിന്റെ ശുശ്രൂഷയിലെ ഉപദേശവും, പ്രസംഗവും, സൗഖ്യമാക്കലുമാണ് വിവരിച്ചിരിക്കുന്നത് (4:23; 9:35 നോക്കുക). ഇപ്പോൾ മത്തായി പറയുന്നത്, ഒരു കൂട്ടം അത്ഭുതങ്ങളാണ്, അവയിൽ അധികവും സൗഖ്യമാക്കലാണ് (അദ്ധ്യാ. 8, 9). അത്ഭുതങ്ങളെ മൂന്നിന്റെ മൂന്നു കൂട്ടമായി തിരിച്ചിരിക്കുന്നു, ഏഴാമത്തേത് വാസ്തവത്തിൽ രണ്ടെണ്ണം ചേർത്ത് ഒന്നായി പറഞ്ഞിരിക്കുന്നു. അങ്ങനെ ആകെ പത്ത് അത്ഭുതങ്ങൾ വിശദമായി കൊടുത്തിരിക്കുന്നു. മൂന്ന് സെറ്റ് അത്ഭുതങ്ങളെ (8:1-17; 8:23-9:8; 9:18-34) രണ്ട് ഉപദേശ ഭാഗങ്ങളായി ശിഷ്യത്വത്തിനു ഊന്നൽ കൊടുത്തു പറഞ്ഞിരിക്കുന്നു (8:18-22; 9:9-17).

എന്തിനു വേണ്ടിയാണ് യേശു ഈ അത്ഭുതങ്ങൾ ചെയ്തത്? എന്തെല്ലാം ഉദ്ദേശങ്ങളാണ് അവ നിറവേറ്റുന്നത്? എല്ലാ രോഗികളെയും സൗഖ്യമാക്കാതെ, മരിച്ച എല്ലാവരെയും ഉയർത്തെഴുന്നേൽപിക്കാതെ, യേശു എന്തിനാണ് ആ അത്ഭുതങ്ങൾ ചെയ്തത്?

ഒന്നാമത്, യേശു അത്ഭുതങ്ങൾ ചെയ്തതു മനുഷ്യരുടെ കുഴപ്പങ്ങളിൽ ആശ്വസിപ്പിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായിരുന്നു. രണ്ടാമത്, അവൻ മശിഹ ആണെന്ന് അവകാശപ്പെട്ടത് വാസ്തവമാണെന്ന് നിയമപരമായി തെളിയിക്കുന്നതിനും (യോഹ. 20:30, 31), തന്നെ കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ നിറവേറ്റുന്നതിനുമായിരുന്നു (യെശ. 29:18, 19; 35:4-6).

താൻ ആകർഷിക്കപ്പെടുവാൻ യേശു അത്ഭുതമൊന്നും ചെയ്തില്ല. കാരണം അവന്റെ ശുശ്രൂഷയിലുടനീളം അവൻ തന്നെ കുറിച്ചുള്ള ശ്രുതി വ്യാപിക്കുവാൻ ശ്രമിച്ചിരുന്നില്ല. തന്റെ അത്ഭുത പ്രവൃത്തികളാൽ ജനങ്ങൾ രക്ഷിക്കപ്പെടുവാൻ അവൻ ആഗ്രഹിച്ചില്ല. താൻ വാസ്തവത്തിൽ ആരാണെന്നതിലേക്ക് അവരുടെ വിശ്വാസത്തെ തിരിക്കുവാനായിരുന്നു അവന്റെ താൽപര്യം. പൗലൊസ് പറഞ്ഞു, "വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ. 10:17).

ഭാവിയിൽ, തന്റെ അപ്പൊസ്തലന്മാർ അത്ഭുതങ്ങൾ ചെയ്യുമെന്ന് യേശു മുന്നറിയിച്ചിരുന്നു. അവ താൻ ചെയ്തതുപോലെ "അടയാളം" ആയിരിക്കുമെന്നു പറഞ്ഞിരുന്നു (മർക്കൊ. 16:20; എബ്രാ. 2:1-4 നോക്കുക). അവന്റെ ആ വാഗ്ദാനം നിറവേറിയപ്പോൾ, അപ്പൊസ്തലന്മാർ ചെയ്ത അത്ഭുതങ്ങളാൽ അവർ സംസാരിച്ച വചനങ്ങൾ ദൈവത്തിന്റേതായിരുന്നു എന്നു ഉറപ്പിച്ചു (2 കൊ. 12:12).

മത്തായി 8:1-17-ൽ യേശു മൂന്ന് അത്ഭുതങ്ങൾ ചെയ്തതായി പറഞ്ഞിരിക്കുന്നു. യെഹൂദന്മാർ താഴ്ന്നവരായി കണ്ടിരുന്ന കൂട്ടത്തിൽ പെട്ടവർക്കായി

രുന്നു അവ ഓരോന്നും പ്രയോജനപ്പെട്ടത്. യേശു ഒരു കുഷ്ഠരോഗിയേയും, ജാതിയേയും, ഒരു സ്ത്രീയേയും സൗഖ്യമാക്കി.

### ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കൽ (8:1-4)

**[1]അവൻ മലയിൽനിന്നു ഇറങ്ങി വന്നാറെ വളരെ പുരുഷാരം അവനെ പിന്തുടർന്നു. അപ്പോൾ ഒരു കുഷ്ഠരോഗി വന്ന് അവനെ നമസ്ക്കരിച്ചു. [2]"കർത്താവേ നിനക്ക് മനസുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും" എന്നു പറഞ്ഞു. [3]അവൻ കൈ നീട്ടി അവനെ തൊട്ടു, "എനിക്ക് മനസുണ്ട്, നീ ശുദ്ധമാക" എന്നു പറഞ്ഞു. ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധമായി. [4]യേശു അവനോട്, "നോക്കു, ആരോടും പറയരുത്. അവർക്ക് സാക്ഷ്യത്തിനായി നീ ചെന്നു പുരോഹിതന്മാർക്ക് കാണിച്ചു മോശേ കൽപിച്ച വഴിപാട് കഴിക്ക" എന്നു പറഞ്ഞു.**

**വാക്യം 1.** "വലിയ പുരുഷാരം" യേശുവിനെ അനുഗമിച്ചു എന്നാണ് അദ്ധ്യായം 4 സൂചിപ്പിക്കുന്നത് (4:25). ശിഷ്യന്മാരെ പഠിപ്പിക്കുവാൻ മലയിലേക്ക് പോകുവാനുള്ള അവസരം പോലും തടസപ്പെടുത്തുന്ന രീതിയിൽ പുരുഷാരം തിങ്ങികൂടി വന്നിരുന്നതായ് അദ്ധ്യായം 5 ന്റെ ആരംഭത്തിൽ കാണാം. ആ പ്രസംഗത്തിനുശേഷം (അദ്ധ്യാ. 5–7), **അവൻ മലയിൽനിന്നു ഇറങ്ങി വന്നു**. അതേ ഭാഷാ പ്രയോഗം നമുക്ക് പുറ. 34:29–ൽ കാണാം, അവിടെ മോശെ പത്തു കൽപനകൾ അടങ്ങിയ കൽപലകയുമായാണ് സിനായ് മലയിൽനിന്നു ഇറങ്ങി വന്നത്. അവൻ ചെയ്യുന്ന അത്ഭുതങ്ങൾ കാണുവാൻ **വലിയ പുരുഷാരം** യേശുവിനെ അപ്പോഴും **അനുഗമിച്ചിരുന്നു** എന്നാണ് അത് സൂചിപ്പിക്കുന്നത്. പുരുഷാരം അവനു ചുറ്റും കൂടിയിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് ആ അത്ഭുത വിവരണങ്ങൾ ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും (8:1; 9:36–38).

**വാക്യം 2.** പഴയനിയമ കാലത്തും യേശുവിന്റെ കാലത്തും കുഷ്ഠരോഗം ക്ഷീണിപ്പിക്കുന്ന ഒന്നായിരുന്നു (ലേവ്യ. 13; 14; സംഖ്യ. 12:10, 12). ബൈബിളിൽ പറയുന്ന കുഷ്ഠരോഗവും ആധുനിക കുഷ്ഠവും ഒന്നു തന്നെയാണോ എന്ന കാര്യത്തിൽ വൈദ്യശാസ്ത്രത്തിൽ തന്നെ വിയോജിപ്പ് നിലനിൽക്കുന്നു. എങ്ങനെയായാലും, "കുഷ്ഠം" (*ലെപ്റാ*) എന്ന വാക്ക് സൂചിപ്പിക്കുന്നത് ഒരൊറ്റ രോഗത്തെയല്ല, വിവിധ തരത്തിലുള്ള ത്വക്ക് രോഗങ്ങളെ ചേർത്താണ് (ചർമ്മരോഗം, കരപ്പൻ, പാണ്ട്, ക്ഷയരോഗസംബന്ധമായ കുഷ്ഠം, വെള്ളപോക്ക് തുടങ്ങിയവ).

അതിശയകരമായി, ഈ **കുഷ്ഠരോഗിക്ക്** യേശുവിന്റെ അടുത്തു വരുവാനുള്ള ധൈര്യമുണ്ടായി. ന്യായപ്രമാണപ്രകാരം, അശുദ്ധനായ കുഷ്ഠരോഗി, സമൂഹത്തിൽനിന്നു ദൂരെ താമസിക്കയും, മറ്റുള്ളവർ തന്റെ അടുക്കലേക്ക് വരാതിരിക്കുവാനായി, വായ് കൈകൊണ്ട് മറച്ച്, "അശുദ്ധൻ! അശുദ്ധൻ!" എന്നു നിലവിളിക്കയും വേണം (ലേവ്യ. 13:45, 46; സംഖ്യ. 5:2–4). യേശു പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കിയപ്പോൾ, അവർ "ദൂരെയാണ് നിന്നിരുന്നത്" (ലൂക്കൊ. 17:12). പകരം, ഈ കുഷ്ഠരോഗി **യേശുവിന്റെ അടുക്കൽ വന്ന്** അവനെ നമസ്ക്കരിച്ചു. കെജെവി പറയുന്നത്, അവൻ യേശുവിനെ "നമസ്ക്കരിച്ചു" എന്നാണ്. ആരാധനക്ക് ദൈവമുൻപാകെ കുമ്പിടുന്നതിനു

ള്ള വാക്കാണ് *പ്രോസ്കുനെയോ*, അല്ലെങ്കിൽ യേശുവിനെ മശിഹ അഥവാ രാജാവായി ആദരിക്കുന്നതിനു ഉപയോഗിച്ചിരിക്കുന്നു (2:2 ന്റെ പരാമർശം നോക്കുക).

തന്നെ സൗഖ്യമാക്കുവാനായി കുഷ്ഠരോഗി യേശുവിനോട് പറഞ്ഞു, "**കർത്താവേ, നിനക്കു മനസുണ്ടെങ്കിൽ, എന്നെ ശുദ്ധമാക്കുവാൻ കഴിയും.**" തന്നെ സൗഖ്യമാക്കുവാനുള്ള യേശുവിന്റെ കഴിവിനെ അവൻ സംശയിച്ചില്ല; തനിക്ക് വേണ്ടി അവൻ അത്ഭുതം പ്രവർത്തിക്കുവാൻ മനസു കാണിക്കുമോ എന്നതായിരുന്നു അവന്റെ ചോദ്യം. അങ്ങനെ ചോദിക്കുവാനുള്ള കാരണം യെഹൂദ പാരമ്പര്യമനുസരിച്ച് കുഷ്ഠം പാപം നിമിത്തമുള്ള ശിക്ഷയായതുകൊണ്ടാണ്. അത്തരം പാപങ്ങളിൽ ഉൾപ്പെടുന്നതാണ് ദൈവനാമം അശുദ്ധമാക്കൽ, ലൈംഗികമായ അധർമ്മം, കുലപാതകം, വിഗ്രഹാരാധന, പ്രത്യേകിച്ച് അപവാദം എന്നിവ.[1] അപവാദത്തോടു കൂടി കുഷ്ഠം വരുന്നത് മിരിയാം മോശെക്കെതിരെ സംസാരിച്ചപ്പോഴുണ്ടായതിൽനിന്നാണ് ആ പാരമ്പര്യം വന്നത് (സംഖ്യ. 12:1–15). ഈ കുഷ്ഠരോഗി തന്നെ യേശു സൗഖ്യമാക്കുകയില്ല എന്ന് സംശയിക്കുവാൻ കാരണം, അവൻ മുൻപ് ചെയ്ത പാപത്തിനുള്ള ശിക്ഷയാണ് ഇതെന്നു ഒരുപക്ഷെ അവൻ കരുതിക്കാണും.

**വാക്യം 3**. ആ രോഗം പകരുമെന്നതിനാൽ, മറ്റാരും ചെയ്യാത്ത ഒരു പ്രവൃത്തിയായിരിക്കാം യേശു അവനിൽ ചെയ്തത്. അവൻ **അവനെ തൊട്ടു.** കുഷ്ഠരോഗി മറ്റൊരാളെ തൊടുകയോ, കുഠരോഗിയെ മറ്റൊരാൾ തൊടുകയോ ചെയ്യുന്നത് ന്യായപ്രമാണപ്രകാരം വിലക്കപ്പെട്ടിരിക്കുന്നതാണ് (ലേവ്യ. 5:3–6). ഒരു യെഹൂദൻ കുഷ്ഠരോഗിയെ തൊട്ടാൽ തൊടുന്നവൻ അശുദ്ധനായി തീരും. മർക്കൊസ് 1:41 യേശുവിന്റെ ഹൃദയം വെളിപ്പെടുത്തി പറയുന്നു, "യേശു മനസലിഞ്ഞു" കൈ നീട്ടി അവനെ തൊട്ടു.

യേശു മറുപടി പറഞ്ഞു, "**എനിക്ക് മനസുണ്ട്, ശുദ്ധമാക.**" ആ മനുഷ്യൻ **ഉടനെ** സൗഖ്യം പ്രാപിച്ചു. ഒട്ടും താമസിക്കാതെ രോഗം മാറി. കുഷ്ഠരോഗിയുടെ ശരീരത്തിൽ സ്പർശിച്ചതിനാൽ അവൻ ശുദ്ധമാകാതെ, തന്റെ ദൈവികശക്തിയാൽ യേശു കുഷ്ഠരോഗിയെ ശുദ്ധമാക്കി. കുഷ്ഠരോഗിയുടെ ദേഹം പഴയ സ്ഥിതിയിലാക്കി, അവനു സമൂഹത്തിലേക്ക്, വീണ്ടും - പ്രവേശിക്കുവാൻ അവസരം നൽകി. കുഷ്ഠരോഗിയെ ശുദ്ധമാക്കുമെന്ന അത്ഭുതകരമായ അടയാളം മശിഹ വരുമ്പോൾ കാണിക്കുമെന്ന് മുന്നറിയിച്ചിരുന്നു (11:2–6).

**വാക്യം 4. യേശു** ആ മനുഷ്യനെ സൗഖ്യമാക്കിയശേഷം, യേശു അവന്നു രണ്ട് നിർദ്ദേശങ്ങൾ നൽകി. ഒന്ന്, "**ആരോടും ഇത് പറയരുത്**" എന്നു കൽപിച്ചു. അനാവശ്യമായ ആവേശം യെഹൂദജനത്തിലുണ്ടാക്കി റോമൻ അധികാരികൾ തന്റെ ഉപദേശത്തെ തടസപ്പെടുത്തരുത് എന്നു കരുതി യേശു ചിലപ്പോൾ ഈ നിർദ്ദേശം നൽകിയിട്ടുണ്ട് (9:30; 12:16; 16:20; 17:9). ആ അത്ഭുതം പരസ്യമായി നടന്നു എന്നു തോന്നുന്നതിനാൽ, നിർദ്ദേശിക്കപ്പെട്ടത് എങ്ങനെ പാലിച്ചു എന്നറിയുവാൻ ആകാംക്ഷയുണ്ടായിരിക്കും. എങ്ങനെയായാലും, പുരുഷാരം പിരിഞ്ഞുകഴിഞ്ഞപ്പോൾ, രഹസ്യമായിട്ടായിരിക്കാം അത്ഭുതം നടന്നത്. മത്തായി അവതരിപ്പിച്ചത് അത്ഭുതങ്ങളുടെ കൂട്ടമായിട്ടാണ്, മർക്കൊസും ലൂക്കൊസും സ്വീകരിച്ച ക്രമത്തിലുമായിരുന്നില്ല. അവർ കർശനമായ കാലക്രമത്തിലാണ് അവതരിപ്പിച്ചത്.

രണ്ട്, യേശു അവനോട് പറഞ്ഞു, "**അവർക്ക് സാക്ഷ്യത്തിനായി നീ ചെന്നു നിന്നെത്തന്നെ പുരോഹിതന്മാർക്ക് കാണിച്ചു മോശെ കൽപിച്ച വഴിപാട് കഴിക്ക.**" ചർമ്മ രോഗമുള്ളത് സ്ഥിരീകരിക്കേണ്ടത് പുരോഹിതന്മാ

രായിരുന്നു. ആ മനുഷ്യൻ ശുദ്ധനായി തീർന്നു എന്നു പ്രഖ്യാപിക്കേണ്ടത് പുരോഹിതനായിരുന്നു. റോബർട്ട് എച്ച്. മൗൺസ് പറഞ്ഞതനുസരിച്ച്, പുരോഹിതന്മാർ "പൊതു ആരോഗ്യ ശുശ്രൂഷാ പിതാക്കന്മാരായിരുന്നു."[2] കുഷ്ഠരോഗി സുഖം പ്രാപിച്ചാൽ, ശുദ്ധനായി എന്നു എങ്ങനെ പ്രഖ്യാപിക്കണമെന്നും, എന്തു വഴിപാടാണ് അർപ്പിക്കേണ്ടത് എന്നും ന്യായപ്രമാണം വ്യക്തമായി പറയുന്നു (ലേവ്യ. 14:1–32). സുഖം പ്രാപിച്ച കുഷ്ഠരോഗി നിശ്ചയിക്കപ്പെട്ട വഴിപാടും യാഗവും അർപ്പിക്കുവാൻ യെരുശലേം ദൈവാലയം വരെ പോകണമായിരുന്നു.

"അവർക്ക് സാക്ഷ്യത്തിനായി" എന്ന പ്രയോഗത്തിന്റെ അർത്ഥത്തിൽ ഒരു കടങ്കഥ കിടക്കുന്നു. ആ ദ്വയാർത്ഥ പ്രയോഗം രണ്ടു ചോദ്യങ്ങൾ ഉയർത്തുന്നു. ഒന്ന്, "അവർക്ക്" എന്നു പറഞ്ഞിരിക്കുന്നത് ആരെയാണ്? അതു "പുരോഹിതന്മാരെ ഉദ്ദേശിച്ചാണ്" എന്നു പറഞ്ഞേക്കാം. അതിലും ചോദ്യം ഉയരാം കാരണം ആ വാക്യത്തിലെ "പുരോഹിതൻ" എന്നതു ഏകവചനത്തിലാണ്. "അവർക്ക്" എന്നു പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ "പുരുഷാരമോ" അല്ലെങ്കിൽ പൊതുവിൽ "ജനങ്ങളോ" ആയിരിക്കാം (8:1). രണ്ട്, "സാക്ഷ്യം" എന്നതു എന്തിനെ ആണ് സൂചിപ്പിക്കുന്നത്? (1) ഒരുപക്ഷെ സൗഖ്യം പ്രാപിച്ച കുഷ്ഠരോഗി മറ്റുള്ളവരോട് യേശുവിനെ കുറിച്ച് സാക്ഷ്യം പറയേണ്ടിയിരുന്നേക്കാം. (2) മറ്റൊരു സാധ്യത എന്തെന്നാൽ, അവൻ യെശുവിൽ വിശ്വസിക്കാതിരുന്നവർക്കെതിരായിരുന്നു. (3) യേശു ആ മനുഷ്യനെ വഴിപാട് അർപ്പിപ്പാനായി അയക്കുന്നത് തെളിയിക്കുന്നത്, അവൻ ന്യായപ്രമാണം അനുസരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുകയാണ് (5:17–20). എങ്ങനെയായാലും, ഒരു പ്രശ്നം എന്തെന്നാൽ, ഈ മൂന്നു നിർദ്ദേശങ്ങൾ നോക്കുമ്പോൾ, യേശു അവനെ സൗഖ്യമാക്കി എന്ന് "ആരോടും പറയരുത്" എന്ന് അവനെ വിലക്കിയിരിക്കയാണ് എന്നോർക്കുക, (4) ആ കുഷ്ഠ രോഗി സൗഖ്യമായെന്നും, അങ്ങനെയുള്ളവർ വീണ്ടും സമൂഹത്തിൽ പ്രവേശിക്കാമെന്നും, "ജനത്തെ" അഥവാ "പുരുഷാരത്തെ" സാക്ഷ്യപ്പെടുത്തേണ്ടതും പുരോഹിതന്മാർ പരിശോധിക്കേണ്ടതും യോജിച്ചതാണെന്നതാണ് നാലാമത് എടുക്കാവുന്നത്. ആചാരപരമായി ഏറ്റവും യോജിക്കുന്ന വ്യാഖ്യാനമാണിത്, ഇതിനു പിന്തുണ നൽകുന്നതാണ് പല ആധുനിക തർജിമകളും (എൻഈഎബി; റ്റിഈവി; എൽബി; എൻസിവി; സിഈവി; ജെഎൻടി; എൻഎൽടി).

ഈ സംഭവത്തിന്റെ സമാനവിവരണങ്ങൾ സൂചിപ്പിക്കുന്നത് സൗഖ്യം പ്രാപിച്ച കുഷ്ഠരോഗി കർത്താവിനെ അനുസരിക്കാതെ, ലഭിച്ച സൗഖ്യം എല്ലാവരോടും അറിയിച്ചു (മർക്കൊ. 1:45; ലൂക്കൊ. 5:15). അത് അവസാനം യേശുവിന്റെ ശുശ്രൂഷക്ക് തടസം സൃഷ്ടിക്കുകയും കൂടുതൽ ജനസംഖ്യയുള്ള പ്രദേശത്തുനിന്നു അവൻ പിൻവാങ്ങുകയും ചെയ്തു.

### ഒരു ശതാധിപന്റെ ദാസനെ സൗഖ്യമാക്കുന്നു (8:5-13)

**5 അവൻ കഫർന്നഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ വന്നു അവനോട്, 6 "കർത്താവേ എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ചു കഠിനമായി വേദനപ്പെട്ടു വീട്ടിൽ കിടക്കുന്നു" എന്നു അപേക്ഷിച്ചു പറഞ്ഞു. 7 അവൻ അവനോട്, "ഞാൻ വന്നു അവനെ സൗഖ്യമാക്കും" എന്നു പറഞ്ഞു.**
**8 അതിന്നു ശതാധിപൻ, "കർത്താവേ നീ എന്റെ പുരക്കകത്തു കടപ്പാൻ ഞാൻ**

**യോഗ്യനല്ല; ഒരു വാക്കു മാത്രം കൽപിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം**
**വരും. 9ഞാനും അധികാരത്തിൻ കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ**
**കീഴിൽ പടയാളികൾ ഉണ്ട്; ഞാൻ ഒരുവനോട്, 'പോക!' എന്നു പറഞ്ഞാൽ**
**പോകുന്നു; വേറൊരുത്തനോട് 'വരിക!' എന്നു പറഞ്ഞാൽ വരുന്നു. എന്റെ**
**ദാസനോട് ഇതു ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു" എന്നു പ**
**റഞ്ഞു. 10അതു കേട്ടിട്ടു യേശു അതിശയിച്ചു. പിൻചെല്ലുന്നവരോട് പറഞ്ഞത്,**
**യിസ്രായേലിൽകൂടി ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ**
**സത്യമായിട്ടു നിങ്ങളോട് പറയുന്നു. 11"കിഴക്കുനിന്നും പടിഞ്ഞാറുനിന്നും**
**അനേകർ വന്നു അബ്രഹാമിനോടും യിസഹാക്കിനോടും യാക്കൊബിനോടും**
**കുടെ സ്വർഗരാജ്യത്തിൽ പന്തിക്കിരിക്കും; 12രാജ്യത്തിന്റെ പുത്രന്മാരേയോ**
**ഏറ്റവും പുറത്തുള്ള ഇരുളിലേക്ക് തള്ളിക്കളയും; അവിടെ പല്ലുകടിയും**
**കരച്ചലും ഉണ്ടാകും" എന്നു ഞാൻ നിങ്ങളോട് പറയുന്നു. 13പിന്നെ യേശു**
**ശതാധിപനോട്, "പോക, നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ" എന്നു**
**പറഞ്ഞു. ആ നാഴികയിൽ തന്നെ അവന്റെ ബാല്യക്കാരനു സൗഖ്യം വന്നു.**

**വാക്യം 5. കഫർന്നഹൂമിൽ** വെച്ചു നടന്ന അടുത്ത അത്ഭുതം, ഗലീലാക്കടൽത്തീരത്തിനടുത്തുള്ള ടൗണിൽ സംഭവിച്ചതായിരുന്നു. പത്രൊസിന്റെ ഭവനം ആ പട്ടണത്തിലായിരുന്നു (8:14). യേശുവിന്റെ പ്രവർത്തനം അവിടെ നിന്നും ആരംഭിക്കുന്നു (4:13; 9:1). 11:23–ൽ, താൻ ചെയ്ത അത്ഭുതങ്ങൾ കണ്ടിട്ടും ആളുകൾ വിശ്വസിക്കാതിരുന്നതിനാൽ അവൻ അതിനെ ശപിച്ചിരുന്നു. കുഴിച്ചെടുത്ത നാശാവശിഷ്ടങ്ങളിൽ ചിലത് പുരാതനമായ ഒരു പള്ളിയും ചില വീടുകളുമാണ്, അതിൽ ഒന്നാണ് പാരമ്പര്യമായി പറയപ്പെടുന്ന പത്രൊസിന്റെ വീട്.[3]

**യേശുവിന്റെ** അടുത്തുവന്ന ആ മനുഷ്യൻ ജാതിയിൽ പെട്ട, റോമൻ **ശതാധിപനായിരുന്നു.** ശതാധിപൻ ഔദ്യോഗികമായി പടയാളിയാണ്, അയാൾ മറ്റു ആജ്ഞ പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥരിൽനിന്ന് വ്യത്യാസ്തമായി യോദ്ധാക്കളോടൊപ്പം യുദ്ധം ചെയ്തിരുന്നു. അവരെ "റോമൻ സൈന്യത്തിന്റെ നട്ടെല്ല്" എന്നാണ് വിളിച്ചിരുന്നത്. റോമൻ സൈന്യത്തിൽ ഇരുപത്തി – യഞ്ചു ലെഗ്യോനാണുള്ളത് (ഉദ്ദേശം 150,000 ആളുകൾ) അവർ സാമ്രാജ്യമുടനീളം പാളയമടിച്ചിരുന്നു.[4] ഒരു റോമൻ "ലെഗ്യോനിൽ" മുഴുവൻ ശക്തിയുള്ള ആറായിരം പടയാളികൾ കാണും, അതിനെ പത്തു "കൊഹോർട്ടുകൾ" ആയി തിരിച്ച് ഓരോന്നിലും അറുന്നൂറു പടയാളികൾ കാണും. ഒരു കൊഹോർട്ട് പിന്നെ ആറു "ശതങ്ങൾ" ആയി തിരിക്കും, ഓരോന്നിലും നൂറു പടയാളികളും അതിനു ഒരു ശതാധിപനും ഉണ്ടായിരിക്കും. ആജ്ഞകൾ നടപ്പാക്കേണ്ടതും അച്ചടക്കം, തിരഞ്ഞെടുപ്പ് എന്നിവയുടെ ഉത്തരവാദിത്തവും ഈ ഉദ്യോഗസ്ഥന്റേതായിരുന്നു.

ഈ പ്രത്യേക ശതാധിപന്റെ കഫർന്നഹൂമിലെ സാന്നിധ്യം യോജിച്ചതായിരുന്നു. ഡേവിഡ് ഹിൽ വിവരിച്ചു,

> ഗലീലിയിലെയും പെറിയയിലെയും ഇടപ്രഭുവായിരുന്ന ഹെരോദാവ് അന്തിപ്പാസിന് ട്രൂപ്പുകൾക്ക് നികുതി ചുമത്തുവാനുള്ള അവകാശമുണ്ടായിരുന്നു, അവർ തന്റെ പ്രദേശത്തിനു പുറത്തുനിന്നു തിരഞ്ഞെടുത്തവരായിരുന്നു. കാവൽ സൈന്യവും കസ്റ്റംസ് പോസ്റ്റും ഉണ്ടായിരുന്ന

പട്ടണമായിരുന്നു കഫർന്നഹൂം, സൈന്യാധിപനും (ഒ. വാ. യോഹ. 4:46) അവിടെ സന്നിഹിതനാകുന്നതു സ്വാഭാവികമായിരുന്നു.[5]

റോമൻ സൈന്യാധിപന്മാരിൽനിന്ന് – സാധാരണയായി – ഉയർന്ന ധാർമ്മികതയും ഉത്തമ സ്വഭാവവും പ്രതീക്ഷിച്ചിരുന്നു. പുതിയനിയമത്തിൽ പറഞ്ഞിട്ടുള്ള എല്ലാ ശതാധിപന്മാരിലും ഇത്തരം സ്വഭാവഗുണം കാണാം (27:54; പ്രവൃ. 10:1, 2, 22; 22:25, 26; 27:43). ലൂക്കൊസ് 7:3–5–ൽ ആ വേദഭാഗത്തു പറയുന്ന ശതാധിപൻ, കൊർന്നെല്യോസിനെ പോലെ, ജാതിയിൽ പെട്ടവനായിരുന്നുവെങ്കിലും, ദൈവ – ഭയമുള്ളവനായിരുന്നു (പ്രവൃ. 10:2, 22). മറ്റു റോമാ പടയാളികളോടുണ്ടായിരുന്നതിൽനിന്നു വ്യത്യസ്തമായി, ഈ ശതാധിപനോട് യെഹൂദന്മാർക്ക് പ്രത്യേക മതിപ്പാണുണ്ടായിരുന്നത്.

ചില യെഹൂദമൂപ്പന്മാർ മുഖേനയാണ് ശതാധിപൻ ആ ആവശ്യം യേശുവിനോട് അറിയിച്ചതെന്നാണ് ലൂക്കൊസ് വിവരിച്ചിരിക്കുന്നത്. അവർ യേശുവിനോട്, “നീ അതു ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ. അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. ഞങ്ങൾക്ക് ഒരു പള്ളിയും തീർപ്പിച്ചു തന്നിരിക്കുന്നു” (ലൂക്കൊ. 7:4, 5). മത്തായിയും ലൂക്കൊസും തമ്മിലുള്ള വ്യത്യാസത്തെ ലിയോൺ മോറിസ് പറഞ്ഞു, “ഒരു മനുഷ്യനു സ്വയം ചെയ്യാവുന്നതാണ് ദൂതന്മാരെ അയച്ചു ചെയ്യിക്കുന്നത്. അതുകൊണ്ട് ആ ശതാധിപൻ യേശുവിനോട് പറഞ്ഞതിനെ ചുരുക്കിയാണ് മത്തായി വിവരിച്ചത്, പക്ഷെ ലൂക്കൊസ് സംഭവങ്ങളുടെ വിശദവിവരങ്ങളാണ് പറഞ്ഞത്.”[6]

**വാക്യം 6**. വാക്യം 6 ലും 8 ലും ശതാധിപൻ യേശുവിനെ വിളിച്ചത് **കർത്താവേ (*കൂറിയോസ്*)** എന്നാണ്. ആ വാക്കിനു പല രീതിയിൽ പല അർത്ഥങ്ങളാണുള്ളത്, അതിൽ മാന്യമായ സംബോധന പോലെ (“സർ”) ദൈവിക പദവിയായി (“ദൈവം”) എന്നും പറയാം. ഇവിടെ അതിന് മര്യാദയിൽ കവിഞ്ഞ അർത്ഥമാണുള്ളത്; അത് ഒരുപക്ഷെ അവന്റെ നായകത്വത്തിന്റെ അംഗീകാരമാണ്. ശതാധിപൻ യേശുവിനോട് വാക്യം 8 ലും 9 ലും പറഞ്ഞത് ആ അർത്ഥത്തിലാണെന്ന് സൂചിപ്പിക്കുന്നു.

തന്റെ **ദാസനെ** കുറിച്ചുള്ള കരുതൽ ശതാധിപന്റെ ഉത്തമ സ്വഭാവത്തിന്റെ ഉദാഹരണമാണ്. മത്തായിയുടെ വിവരണത്തിൽ ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*പായിസ്*) അർത്ഥം, “ഒരു കുട്ടി,” എന്നാണ്, അത് ഒരു മകനോ അല്ലെങ്കിൽ അടിമയോ ആകാം. എങ്ങനെയായാലും, ലൂക്കൊ. 7:2–ൽ “അടിമ” എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് (*ഡൗലൊസ്*).[7] ആ മനുഷ്യൻ ഒരു അടിമയെ കുറിച്ച് അത്രമാത്രം കരുതിയിരുന്നത്, റോമാക്കാർ അടിമയെ വസ്തുവായി കണക്കാക്കുമ്പോഴായിരുന്നു എന്നത് അവന്റെ സ്വഭാവമഹിമയെ ഉയർത്തുന്നു.

ശതാധിപന്റെ ബാല്യക്കാരൻ **പക്ഷവാതം പിടിച്ച് കഠിനമായി വേദനപ്പെട്ട് വീട്ടിൽ കിടക്കുകയായിരുന്നു**. അത് ഏതു വിധത്തിലുള്ള പക്ഷവാതമാണെന്നോ, അതിന്റെ കാരണം എന്തെന്നോ പറഞ്ഞിട്ടില്ല. “വേദനപ്പെട്ടു” എന്നതിന്റെ ഗ്രീക്ക് ക്രിയ (*ബാസാനിസോ*) തർജിമ ചെയ്തിരിക്കുന്നത്, ആലങ്കാരികമായി വലിയ നിരാശയെ സൂചിപ്പിക്കുന്നു. എൻഎൽടിയിൽ ഉപയോഗിച്ചിരിക്കുന്നത്, “വേദന കൊണ്ടു പുളയുന്നു” എന്നാണ്. “വന്നു തന്റെ ദാസന്റെ ജീവൻ രക്ഷിക്കണം” എന്നായിരുന്നു യജമാനന്റെ ആവശ്യം (ലൂക്കൊ. 7:3)

**വാക്യം 7. യേശു അവനോട് പറഞ്ഞു, “അവനെ ശുദ്ധമാക്കുവാൻ എനിക്ക് മനസുണ്ട്.**” ഗ്രീക്ക് വേദഭാഗത്ത്, ഉപയോഗിച്ച ഏകവചന നാ

മം "ഐ" (*ഈഗോ*) ക്കാണ് ഊന്നൽ. ആ ഘടന എൻജെബിയിലും കാണാം: "*ഞാൻ തന്നെ* വന്ന് അവനെ സൗഖ്യമാക്കും" (എംഫസിസ് ആഡഡ്) യേശുവിന്റെ പ്രസ്താവനയെ ചോദ്യരുപത്തിൽ ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു: "അവനെ സൗഖ്യമാക്കുവാൻ *ഞാൻ* പോകുകയോ?" മറ്റൊരു വാക്കിൽ പറഞ്ഞാൽ, "[ഒരു യെഹൂദനായ] *ഞാൻ* [ജാതിയുടെ വീട്ടിൽ] പോയി അവനെ സൗഖ്യമാക്കുകയോ?" 15:21–28–ൽ ജാതിയിൽ പെട്ട കനാന്യ സ്ത്രീയുടെ മകളെ സൗഖ്യമാക്കുവാൻ യേശു മടിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡഗ്ലസ് ആർ. എ. ഹെയർ ഇതിനെ പിന്താങ്ങിയത്.[8] ആ കാഴ്ച്ചപ്പാടിനെ എതിർത്ത് മൗൺസ് പറഞ്ഞു, "യേശു കുഷ്ഠ രോഗിയുടെ അടുത്ത് ചെന്ന് അവനെ തൊട്ടു: അപ്പോൾ അവൻ ജാതിയുടെ വീട്ടിൽ പോകുവാൻ മടിക്കുകയില്ല."[9]

**വാക്യം 8.** യേശു അവന്റെ വീടിനോടടുത്ത് എത്താറായപ്പോഴായിരുന്നു, അവൻ സന്ദേശം സ്നേഹിതന്മാർ മുഖേന യേശുവിന്റെ അടുത്ത് എത്തിച്ചത് എന്നാണ് ലൂക്കൊസ് വിവരിക്കുന്നത് (ലൂക്കൊ. 7:6, 7). ശതാധിപൻ പറഞ്ഞു, "**കർത്താവേ, നീ എന്റെ പുരക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ.**" ആ പ്രതികരണം ശതാധിപന്റെ താഴ്മയാണ് കാണിക്കുന്നത്, യേശു അതിഥിയായി തന്റെ വീട്ടിൽ വരുന്നതിനു താൻ അയോഗ്യനാണെന്നായിരുന്നു അവൻ വിശ്വസിച്ചിരുന്നത്. ശതാധിപൻ ദൈവ - ഭയമുള്ളവനാകയാലും, പ്രാദേശികമായി ഒരു പള്ളി നിർമ്മിച്ചുകൊടുക്കയും ചെയ്തിരിക്കയാൽ, യെഹൂദൻ ജാതിയുടെ വീട്ടിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് തീർച്ചയായും അവന് അറിയാം (യോഹ. 18:28; പ്രവൃ. 10:28). അത് ബൈബിൾ നിയമമായിരുന്നില്ല, മറിച്ച് പാരമ്പര്യ നിയമമായിരുന്നു. ആ വിലക്ക് മിഷ്നാ ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു, "ജാതികൾ വസിക്കുന്ന സ്ഥലങ്ങൾ അശുദ്ധമാണ്."[10] യേശുവിനെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നത് ഒന്നുകിൽ യെഹൂദന്മാർക്ക് ഇടർച്ച വരുത്തും അല്ലെങ്കിൽ രോഗിയെ അവഗണിക്കും എന്ന് ശതാധിപന് അറിയാം.

ക്ഷണിക്കുന്നതിനു പകരം ശതാധിപൻ ദാസനെ വെറുതെ സൗഖ്യമാക്കുവാൻ പറഞ്ഞു. **"ഒരു വാക്ക് കൽപിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും"** യേശു തന്റെ വീട്ടിൽ പ്രവേശിക്കുവാൻ താൻ അയോഗ്യനാണെന്നു ശതാധിപൻ കരുതുന്നുണ്ടെങ്കിലും, യേശുവിനു ദൂരെ നിന്നു തൊടാതെ തന്നെ തന്റെ ബാല്യക്കാരനെ സൗഖ്യമാക്കുവാൻ കഴിയുമെന്ന വിശ്വാസം അവനിലുണ്ടായിരുന്നു.

**വാക്യം 9.** യേശുവിനു സൗഖ്യമാക്കുവാൻ കഴിയുമെന്ന സാക്ഷ്യം ശതാധിപനുണ്ടായിരുന്നതു തെളിയിക്കുന്ന മറ്റൊന്ന് ഇതാ. അവൻ **അധികാരത്തെ** മനസിലാക്കി. അവൻ അധികാരത്തിലും അധികാരത്തിൻ**കീഴിലും** ആയിരുന്നു. ഒരു വശത്ത് താൻ മറുപടി പറയേണ്ട സംഘവും മറുവശത്ത്, താൻ ആജ്ഞാപിച്ചാൽ അനുസരിക്കുന്ന **പടയാളി**സംഘവും - അവസാനം. അവരെല്ലാം ചോദ്യം ചെയ്യാതെ അനുസരിക്കണമായിരുന്നു. പടയാളിയോടും **ദാസനോടും** കൽപിക്കുവാൻ അധികാരമുള്ളവനായിരുന്നു ശതാധിപൻ. അതായത്, **("പോക!") ... ("വരിക!") ... ("ഇതു ചെയ്ക!")** ഹെയർ പറഞ്ഞതുപോലെ "അതുപോലെ, അവൻ സൂചിപ്പിച്ചത്, യേശുവിന് ദൈവത്തിൽനിന്ന് അധികാരം ലഭിച്ചിരിക്കുന്നു, ആ അധികാരപ്രകാരം, അദൃശ്യമായ ആത്മാക്കളോട് (ദൂതന്മാരോട്) താൻ ആജ്ഞ നിർവ്വഹിക്കുമാറാക്കുന്നു."[11]

**വാക്യം 10.** ശതാധിപന്റെ വാക്കുകൾ കേട്ട് **യേശു ... അതിശയിച്ചു.**

“അതിശയിച്ചു” എന്ന ക്രിയ (*താവുമാസോ*) പലപ്പോഴും ഉപയോഗിച്ചിട്ടുള്ളത് യേശുവിന്റെ വാക്കുകൾ കേട്ടു പുരുഷാരം അതിശയിച്ചതിനാണ്. എങ്ങനെയാ യാലും, യേശുവിനുണ്ടായ വിസ്മയം വളരെ കുറച്ചു മാത്രമായിരുന്നു, അതു അവന്റെ മനുഷ്യത്വത്തെയാണ് കാണിക്കുന്നത്. ഈ വേദഭാഗത്തും അതിന്റെ സമാനതയിലും, ശതാധിപന്റെ വിശ്വാസം കണ്ടിട്ടാണ് യേശു “അതിശയിച്ചത്” (ലൂക്കൊ. 7:9). മർക്കൊസ് 6:6-ൽ തന്റെ സ്വന്ത സ്ഥലമായ നസറേത്തുകാർ യേശുവിനെ ത്യജിച്ചപ്പോൾ, അവരുടെ അവിശ്വാസം നിമിത്തം “യേശു അതി ശയിക്കയുണ്ടായി.”

യേശു തന്നോടുകൂടെയുണ്ടായിരുന്ന യെഹൂദന്മാരോട് പറഞ്ഞു, **“യിസ്രാ യേലിൽ പോലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല.”** “വലിയ വിശ്വാസം” ഉള്ളവരെ കുറിച്ച് യേശു രണ്ടു പ്രാവശ്യമാണ് പറഞ്ഞിരിക്കുന്നത്: ഈ ഭാഗത്ത്, ശതാധിപന്റെ വിശ്വാസത്തെ കുറിച്ചും, 15:21–28-ൽ മറ്റൊരു സമയത്ത്, കനാന്യ സ്ത്രീയുടെ വിശ്വാസത്തെ കുറിച്ചും ആണ്. ഈ ഓരോ സംഭവത്തിലും, മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായി, അകലെ നിന്നാണ് സൗഖ്യമാക്കുന്നത്. സാധാരണ യേശു രോഗിയോട് നേരിട്ടു സംസാരിച്ചോ അല്ലെങ്കിൽ തൊട്ടിട്ടോ ആണ് സൗഖ്യമാക്കുന്നത്. ഇത് ആദ്യമായാണ് മത്താ യിയുടെ പുസ്തകത്തിൽ “വിശ്വാസം” (*പിസ്റ്റിസ്*) എന്ന വാക്ക് കാണുന്നത് (8:10; 9:2, 22, 29; 15:28; 17:20; 21:21; 23:23). അൽപ സമയം മാത്രം കഴിഞ്ഞ പ്പോൾ യേശു തന്റെ ശിഷ്യന്മാരെ, “അൽപവിശ്വാസികളേ” എന്നു വിളിച്ചു ശാസിക്കയുണ്ടായി (8:26).

**വാക്യം 11. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ** വരും എന്ന് യേശു പ്രവചിച്ചത് ഭൂമിയിലെ ആളുകളാണ്. “വടക്കുനിന്നും തെക്കു നിന്നും” എന്നുകൂടെ ലൂക്കൊസ് ചേർത്തിരിക്കുന്നു (ലൂക്കൊ. 13:29). യിസ്രാ യേലിന്റെ അതിർത്തിക്കുള്ളിൽ ജീവിക്കുന്നവർ എന്നതാണ് കാഴ്ച്ചപ്പാട്. പ്ര വാസത്തിൽനിന്നു മടങ്ങി വന്ന ആളുകളെ പഴയനിയമത്തിൽ പറയുമ്പോഴും അതേ ഭാഷ ഉപയോഗിച്ചിട്ടുണ്ട് (സങ്കീ. 107:2, 3; യെശ 43:5, 6; 49:8–13). എങ്ങ നെയായാലും, ഇവിടെ ഉപയോഗിച്ച ഭാഷ ജാതികളെയാണ് സൂചിപ്പിക്കുന്നത്.

അനേകർ വന്നു പന്തിക്കിരിക്കും എന്നാണ് യേശു പറഞ്ഞത്. ചില സമ യത്ത് ഔപചാരികമായി ഭക്ഷണത്തിന് പന്തിക്കിരിക്കുമ്പോൾ, തലയിണയി ലോ മറ്റോ ഇരുന്നു കാലുകൾ മേശയിൽനിന്നു അകത്തിയിരിക്കും. ഇടത്തു കൈ ഊന്നി വലത്തു കൈകൊണ്ടാണ് ആളുകൾ ഭക്ഷിച്ചിരുന്നത്. അത്തരം പന്തിക്കിരിക്കുന്ന കൂട്ടായ്മയെ കുറിച്ച് എസ്. സ്കോട്ട് ബാർച്ചി എഴുതി, “മറ്റു സമയങ്ങളേക്കാൾ ആഹാര സമയം വ്യക്തികളുടെ പരിപാലന സമയമായി രുന്നു. ഭക്ഷണത്തിനായി പന്തിക്കിരിക്കുവാൻ ക്ഷണിക്കുന്നത് സ്നേഹത്തി ന്റെയും, അടുപ്പത്തിന്റേയും ഐക്യതയുടേയും അന്നത്തെ ഒരു പതിവായി രുന്നു.”[12] ആ അവസരങ്ങൾ വലിയ സന്തോഷം ജനിപ്പിച്ചിരുന്നു. ഇവിടത്തെ ഭാവന യെശയ്യാവ് 25:6–9 ലെ മശിഹാ പ്രവചനത്തിൽനിന്നാകാം, അവിടെ ദൈവം സകല ജാതികൾക്കുമായി ഒരു വലിയ വിരുന്ന് ഒരുക്കുകയായിരുന്നു.

**സ്വർഗരാജ്യത്തിൽ അബ്രഹാമിനോടും, യിസഹാക്കിനോടും, യാക്കൊ ബിനോടും പന്തിക്കിരിക്കുന്നതിനെ** നാം എങ്ങനെ മനസിലാക്കും? രണ്ട് സാധ്യതകൾ പറയാം. ഒന്ന്, ജാതികളെയും ദൈവരാജ്യത്തിൽ ഉൾപ്പെ ടുത്തുന്നു എന്നതാണ്, അതാണ് സഭ. ശതാധിപന്റെ പ്രവൃത്തിയിൽ യേശു ഒരുപക്ഷെ യെഹൂദന്മാരോടൊപ്പം ജാതികളെയും ദൈവപദ്ധതിയിലുൾപ്പെടു

ത്തുന്നു എന്നത് കണ്ടിരിക്കാം (പ്രവൃ. 10). അത് അങ്ങനെയാണെങ്കിൽ, "സ്വർഗ രാജ്യത്തിൽ" എന്ന പ്രയോഗം, യേശു സ്ഥാപിക്കുവാൻ വന്ന സഭയെ കുറിച്ച് പറയുന്ന മറ്റൊരു വാക്യമാകണം.[13]

മറ്റൊരു സാധ്യത എന്തെന്നാൽ, പിതാവിന്റെ നിത്യരാജ്യത്തിൽ പിതാക്കന്മാരോടുകൂടി ഒത്തു ചേരുന്നതിന്റെ സൂചനയാകാം പറയുന്ന വിരുന്ന്.[14] രണ്ടാമത്തെ കാഴ്ച്ചപ്പാടിനെ പിന്താങ്ങുന്നതാണ് വാക്യം 12 ലെ ന്യായവിധിയിൽ, "രാജ്യത്തിന്റെ പുത്രന്മാരെ" "പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും" എന്നു പറഞ്ഞിരിക്കുന്നത്.

രണ്ടു കാഴ്ച്ചപ്പാടുകളും അടുത്തടുത്തായി ബന്ധപ്പെട്ടിരിക്കുന്നു, കാരണം രണ്ടും നിത്യജീവങ്കലേക്ക് നീങ്ങുന്നതാണ്. യേശു വീണ്ടും വരുമ്പോൾ, താൻ സ്ഥാപിച്ചതായ രാജ്യം (സഭ) പിതാവിന്റെ നിത്യരാജ്യമായി മാറും (1 കൊ. 15:24; 2 പത്രൊ. 1:11; വെളി. 11:15). ഒരാൾ ഈ ലോകത്തിൽ വെച്ച് ദൈവരാജ്യത്തിന്റെ ഭാഗമായി മാറുമ്പോൾ ലഭിക്കുന്ന കൂട്ടായ്മക്കാണ് ആദ്യത്തെ കാഴ്ച്ചപ്പാട് ഊന്നൽ കൊടുത്തിരിക്കുന്നത്. വരുവാനുള്ള ലോകത്തിൽ, യെഹൂദന്മാരും ജാതികളും ഒരുപോലെ കാണപ്പെടും എന്നതിനെയാണ് രണ്ടാമത്തെ കാഴ്ച്ചപ്പാട് ഊന്നൽ കൊടുക്കുന്നത്.

**വാക്യം 12**. ജാതികളെയും സ്വർഗ രാജ്യത്തിൽ ഉൾപ്പെടുത്തുമെന്നതിനാൽ, ദൈവരാജ്യത്തിൽ പൗരത്വം ഉറപ്പിച്ചവർ തള്ളപ്പെടും എന്നു ചിലർ കരുതുന്നു. യേശുവിനെ മശിഹയായി സ്വീകരിക്കാതിരുന്ന യെഹൂദന്മാരായിരുന്നു ആ **രാജ്യത്തിന്റെ പുത്രന്മാർ**. ആദ്യം ദൈവം വാഗ്ദാനം ചെയ്തിരുന്ന അബ്രഹാമിന്റെ പിൻഗാമികളായിരുന്നു അവർ (ഉല് 12:1-3), എന്നാൽ അവർ അബ്രഹാമിന്റെ വിശ്വാസത്തെ അനുകരിച്ചില്ല (3:8, 9 ന്റെ പരാമർശം നോക്കുക). പിന്നീട്, യെഹൂദന്മാരിൽ ചിലരോട് യേശു പറഞ്ഞു, "അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും" (21:43).

അവിശ്വാസികളായ യെഹൂദന്മാരെ **പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും** എന്നാണ് യേശു പറഞ്ഞത്; **അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും** എന്നും പറഞ്ഞു. പുതിയ നിയമത്തിൽ നരകത്തെ കുറിച്ച് പറയുമ്പോഴും ഈ വിവരണം നൽകുന്നുണ്ട് (ലൂക്കൊ. 13:28; 2 പത്രൊ. 2:17; യൂദാ. 13). ജാക് പി. ലേവിസ് എഴുതി,

> ദുഷ്ടനു അനുഭവിക്കേണ്ടതായ കഷ്ടതയെ മത്തായി പ്രത്യേകമായി അവതരിപ്പിക്കുന്ന പ്രയോഗമാണ് *പുറത്തുള്ള ഇരുട്ട്* (22:13; 25:30), എന്നാൽ, പല്ലു കടിയും കരച്ചലും ... എന്നത് സാങ്കൽപികമായ ആശയമാണ്, മത്തായിയിൽ അത് ആറു പ്രാവശ്യം കാണാം (8:12; 13:42, 50; 22:13; 24:51; 25:30; ഒ. വാ. ലൂക്കൊ. 13:28), എന്നാൽ ഇതിനു മുൻപ് അത് വന്നത് സങ്കീർത്തനങ്ങൾ 112:10-ൽ നീതിമാന്റെ സമൃദ്ധിയോട് ദുഷ്ടന്റെ പ്രതികരണത്തെ വിവരിച്ചിരിക്കുന്നതാണ്.[15]

ഭൗതികമായി അബ്രഹാമിന്റെ പിൻഗാമിയായതിനാൽ, രാജ്യത്തിൽ അവകാശം ഉറപ്പിക്കുന്നില്ല, ആത്മാവ് നഷ്ടമാകുന്നതിനു അത് തടസവുമല്ല. എങ്ങനെയായാലും, യേശുവിനെ മശിഹയായി അംഗീകരിക്കുവാനുള്ള എല്ലാ

നേട്ടവും ലഭിച്ചിട്ടും, ആ അവസരങ്ങൾ നഷ്ടപ്പെടുത്തിയേക്കാം, അതേസമയത്ത്, യാതൊരു നേട്ടവും ലഭിക്കാതിരുന്നവർ പെട്ടെന്ന് ദൈവരാജ്യത്തിൽ പ്രവേശിക്കയും ചെയ്യും.

**വാക്യം 13.** തന്നെ അനുഗമിച്ചവരോട് സംബോധന ചെയ്ത ശേഷം, യേശു തിരിഞ്ഞു ശതാധിപന്റെ സന്ദേശവാഹകരോട് ഈ ദൂത് അറിയിച്ചു: **"പോക, നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ."** എല്ലാ അത്ഭുതങ്ങളും നടത്തുവാൻ യേശുവിലുള്ള വിശ്വാസം ആവശ്യമായിരുന്നില്ല, അത് സൗഖ്യം വേണ്ടി വന്നവരിലും, അല്ലെങ്കിൽ ആവശ്യം ഉന്നയിച്ചവരിലും. എങ്ങനെയായാലും, യേശുവിന് തന്റെ ബാല്യക്കാരനെ ദൂരത്തുനിന്നു തന്നെ സൗഖ്യമാക്കുവാൻ കഴിയുമെന്ന ശതാധിപന്റെ വിശ്വാസത്തെ, യേശു മാനിച്ചു: **ബാല്യക്കാരന് ഉടനെ സൗഖ്യമായി**. ഗ്രീക്ക് വേദഭാഗം അക്ഷരികമായി പറയുന്നു, "ആ നാഴികയിൽ തന്നെ" അവനു സൗഖ്യമായി (യോഹ. 4:53). ലൂക്കൊസ് കൂട്ടിചേർത്തു, "ശതാധിപൻ പറഞ്ഞയച്ചിരുന്നവർ വീട്ടിൽ മടങ്ങി വന്നപ്പോൾ ദാസനെ സൗഖ്യത്തോടെ കണ്ടു" (ലൂക്കൊ. 7:10).

## പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കുന്നു (8:14, 15)

**14യേശു പത്രൊസിന്റെ വീട്ടിൽ ചെന്നാറെ അവന്റെ അമ്മാവിയമ്മ പനി പിടിച്ചു കിടക്കുന്നതു കണ്ടു. 15അവൻ അവളുടെ കൈതൊട്ടു പനി അവളെ വിട്ടു; അവൾ എഴുന്നേറ്റു അവർക്കു ശുശ്രൂഷ ചെയ്തു.**

**വാക്യം 14.** ആ സൗഖ്യമാക്കൽ **പത്രൊസിന്റെ വീട്ടിലാണ്** നടന്നത്. ശീമോൻ പത്രൊസ്, ഗലീലാ കടലിലെ ഒരു മുക്കുവനായിരുന്നു, **യേശു** അവനെ ശിഷ്യനായി വിളിക്കുകയും, പിന്നീട് അവനെ അപ്പൊസ്തലനായി നിയമിക്കയും ചെയ്തു (4:18–20; 10:1, 2 ന്റെ പരാമർശം നോക്കുക). അവനും അവന്റെ സഹോദരൻ അന്ത്രെയാസും ബെദ്സെയിദക്കാരായിരുന്നു (യോഹ. 1:44), എന്നാൽ അവർ കഫർന്നഹൂമിൽ വന്നു താമസിക്കുകയായിരുന്നു. മർക്കൊസിന്റെ വിവരണത്തിൽ, അവരുടെ വീടിനെ പറഞ്ഞിരിക്കുന്നത് "ശീമോന്റെയും അന്ത്രെയാസിന്റെയും വീട്" എന്നാണ് (മർക്കൊ. 1:29). തലമുറകളായി, അതായത്, കുടുംബം വിപുലീകരിക്കപ്പെട്ട്, പലപ്പോഴും ഒരേ വീട്ടിലായിരിക്കും താമസിച്ചിരിക്കുക. അന്ത്രെയാസ് (അവന്റെ ഭാര്യയും?) സ്പഷ്ടമായും, പത്രൊസും അവന്റെ ഭാര്യയും അവിടെ താമസിച്ചിരുന്നു (1 കൊ. 9:5). മിക്കവാറും പത്രൊസിന്റെ **അമ്മാവിയമ്മയും** അവരോടൊപ്പമായിരിക്കാം താമസിച്ചിരുന്നത്. അതിനു പുറമെ, യേശു നസറേം വിട്ടു വന്നശേഷം തന്റെ പ്രവർത്തന കേന്ദ്രമാക്കിയിരുന്നു (4:13; മർക്കൊ. 1:35; 2:1).

യേശു ആ വീട്ടിൽ ചെന്നപ്പോൾ, പത്രൊസിന്റെ അമ്മാവിയമ്മ **പനി പിടിച്ച് കിടക്കുകയായിരുന്നു**. പേർ പറയാത്ത വ്യക്തികളെ മർക്കൊസും ലൂക്കൊസും ("അവർ" എന്നാണ് പറഞ്ഞിരുന്നത്), ഒരു സ്ത്രീയുടെ രോഗത്തെയാണ് യേശു പറയുന്നത്. എങ്ങനെയായാലും, "അവർ" എന്നു പറയഞ്ഞിരിക്കുന്നത്, പത്രൊസും, അന്ത്രയാസും, യാക്കൊബും യോഹന്നാനും ആയിരിക്കാം (മർക്കൊ. 1:29, 30). ആ സ്ത്രീ "കഠിനമായ" ജ്വരത്താൽ കഷ്ടപ്പെടുകയായിരുന്നു (ലൂക്കൊ. 4:38). ആ രോഗസ്വഭാവം വേദഭാഗത്ത്

നൽകിയിട്ടില്ല. ആ പ്രായത്തിൽ, പനി ഒരു ലക്ഷണമല്ല, പിന്നെയോ ഒരു രോഗം തന്നെയാണ് (യോഹ. 4:52; പ്രവൃ. 28:8). അതിഥികളെ സ്വീകരിപ്പാൻ എഴുന്നേറ്റിരിപ്പാൻ പോലും കഴിയാത്തതു രോഗത്തിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു.

**വാക്യം 15**. യേശു പനി പിടിച്ച രോഗിയുടെ **കൈ തൊട്ടു** – യെഹൂദ പാരമ്പര്യം വിലക്കിയിരിക്കുന്ന പ്രവൃത്തിയാണ്[16] – **പനി** അവളെ വിട്ടുപോയി. **അവൾ എഴുന്നേറ്റു അവർക്കു ശുശ്രൂഷ ചെയ്തു**. അവൾ മറ്റുള്ളവരെ ശുശ്രൂഷിച്ചു എങ്കിലും, അവളെ സൗഖ്യമാക്കിയ യേശുവിനെ അവൾ പ്രത്യേകമായി കരുതി കാണും.

## യേശുവിന്റെ സൗഖ്യമാക്കലിന്റെ ചുരുക്കം (8:16, 17)

**16വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊണ്ടു വന്നു. 17അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി, സകല ദീനക്കാർക്കും സൗഖ്യം വരുത്തി. "അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാ പ്രവാചകൻ അരുളിച്ചെയ്തതു നിവർത്തിയാകുവാൻ തന്നെ."**

**വാക്യം 16**. യേശു കഫർന്നഹൂമിലേക്ക് പോയപ്പോൾ, "ഉടനെ" ശബ്ബത്തുനാളിൽ അവൻ ദൈവാലയത്തിൽ പ്രവേശിച്ചു (മർക്കൊ. 1:21; ലൂക്കൊ. 4:31, 33 നോക്കുക). അവിടെ വെച്ച് അവൻ ഭൂതങ്ങൾ ബാധിച്ചതായ ഒരു മനുഷ്യനെ കണ്ടുമുട്ടി. ബഹുവചനം സർവ്വനാമത്തെയായിരിക്കാം സൂചിപ്പിക്കുന്നത്. ഭൂതങ്ങളെ യേശു ശാസിച്ചു പറഞ്ഞു, "മിണ്ടരുത് അവനെ വിട്ടുപോ" (മർക്കൊ. 1:25). ആ സംഭവത്താൽ, "അവന്റെ ശ്രുതി ഗലീലാ നാട് ഒക്കെയും പരന്നു" (മർക്കൊ. 1:28; ലൂക്കൊ. 4:37 നോക്കുക).

ശബ്ബത്ത് അവസാനിക്കുന്നതിനു മുൻപ് രോഗികളെ യേശുവിന്റെ അടുക്കൽ കൊണ്ടുവരുവാൻ പലരും മടിച്ചിരുന്നു. ചിലർ തങ്ങളുടെ രോഗികളെ ചുമന്നു കൊണ്ടുവരേണ്ടതായി വന്നു എന്നതിന് സംശയമില്ല, ശബ്ബത്തിൽ അവർ തങ്ങളുടെ രോഗികളെ സൗഖ്യമാക്കുവാൻ കൊണ്ടുവരുന്നതിനെ നിയമവിരുദ്ധമെന്നു പ്രഖ്യാപിക്കുവാനും സാധ്യതയുണ്ട് (യോഹ. 5:10)[17] അതുകൊണ്ട്, യേശുവിന്റെ അടുക്കൽ രോഗികളെ എത്തിക്കുവാൻ അവർ സൂര്യൻ അസ്തമിക്കുന്നതുവരെ കാത്തിരുന്നു (മർക്കൊ. 1:32; ലൂക്കൊ. 4:40). യെഹൂദന്മാർ ഒരു ദിവസം കണക്കാക്കിയിരുന്നത് സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് (ഉല്. 1:5, 8, 13, 19, 23, 31). **വൈകുന്നേരമായപ്പോൾ** ശബ്ബത്ത് അവസാനിക്കുകയും, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ആരംഭിക്കുകയും ചെയ്തു.

മുൻപ് പല പ്രാവശ്യം ചെയ്തതുപോലെ – പിന്നെയും അവൻ ചെയ്യുമെന്നതുപോലെ – യേശു രോഗികളുടെ വിശ്വാസ രീതിയോ രോഗത്തിന്റെ രീതിയോ നോക്കാതെ **സൗഖ്യമാക്കി**. എങ്ങനെയായാലും, **ഭൂത – ബാധിതരും, രോഗികളും** തമ്മിൽ ഒരു വ്യത്യാസം മത്തായിയുടെ വിവരണത്തിൽ പറഞ്ഞിരിക്കുന്നു (4:23, 24 നോക്കുക). **അവൻ ഒരു വാക്ക് കൊണ്ട് ഭൂതങ്ങളെ പുറത്താക്കി** എന്നതു യേശുവിന്റെ ശക്തിയെയാണ് പ്രകടമാക്കുന്നത്. അതിനു വിരുദ്ധമായി പുരാതന മന്ത്രവാദികൾ മന്ത്രോച്ചാരണത്താലും ഉയർന്ന

ആത്മാക്കളെ വരുത്തിയും, മൽസ്യഭാഗങ്ങളും മണമുള്ള വേരുകൾകത്തിച്ച് ദുർഗന്ധം വമിപ്പിച്ചുമായിരുന്നു അവർ ഭൂതങ്ങളെ പുറത്താക്കുവാൻ ശ്രമിച്ചിരുന്നത്.[18] ഗ്രഹാം ട്വെൽഫ്ട്രീ പറഞ്ഞതനുസരിച്ച്, വേറെയും പല വസ്തുക്കൾ അവർ അതിനായി ഉപയോഗിച്ചിരുന്നു:

> ബാബേൽ താൽമൂദ് തകിടുകളിൽ, തെങ്ങിന്റെ പൂക്കുല, മരപ്പുളുകൾ, കുഴി, കുമിൻ, പട്ടിയുടെ മുടി, നൂലും ഉപയോഗിച്ചിരുന്നു. ഇരുമ്പു വളകൾ ഉപയോഗിച്ചിരുന്നതായി ലൂഷ്യൻ പറയുന്നു, മാന്ത്രിക പാപിരി പറയുന്നത്, മന്ത്രവാദികൾ മന്ത്രത്തകിടുകളും, ഒലിവുകൊമ്പുകളും, മജോരാമും പ്രത്യേക ശബ്ദത്തോടെ ഉപയോഗിച്ചിരുന്നു എന്നാണ്.[19]

**വാക്യം 17. യെശയ്യാ പ്രവാചകന്റെ** പ്രവചനം **നിറവേറുന്ന** [തായിട്ടാണ്] മത്തായി യേശുവിന്റെ സൗഖ്യമാക്കലിനെ കാണുന്നത്: **"അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു."** അവന്റെ ഉദ്ധരണി, സമാനതയുടെ പര്യായമായി യെശയ്യാവ് 53:4 ൽനിന്നും എടുത്തതാണ്, എൻഏഎസ്ബി അത് തർജിമ ചെയ്തിരിക്കുന്നത് ഇങ്ങനെ വായിക്കുന്നു: "തീർച്ചയായും നമ്മുടെ വേദനകൾ അവൻ വഹിച്ചു, നമ്മുടെ ദുഃഖത്തെ അവൻ ചുമന്നു." യെശയ്യാവിലെ *വേദനകൾ* എന്നതും, മത്തായിയിലെ *അകൃത്യങ്ങൾ* എന്നതും തർജിമ ചെയ്തിരിക്കുന്നതു, എബ്രായഭാഷയിലും ഗ്രീക്ക് ഭാഷയിലും *ശരീരത്തിലെ രോഗത്തെയാണ്* പറയുന്നത് ... വേദനകളെ വഹിക്കുക എന്നാൽ മാറ്റുക, അല്ലെങ്കിൽ *നീക്കി* കളയുക എന്നാണ്."[20] ലേവിസ് എഴുതി, "യേശുവിന്റെ സൗഖ്യമാക്കൽ 'കർത്താവിന്റെ ദാസൻ' എന്ന് യെശയ്യാവ് വിവരിച്ചതിന്റെ സാക്ഷാത്കാരമായിരുന്നു."[21]

യെശയ്യാവിൽനിന്നുള്ള ഉദ്ധരണി ഒരുപക്ഷെ പാപത്തിന്മേലുള്ള യേശുവിന്റെ ക്രൂശിലെ ജയത്തെയായിരിക്കാം ചൂണ്ടി കാണിക്കുന്നത്. എങ്ങനെയായാലും യെശയ്യാവ് 53 ലെ സന്ദർഭം മശിഹായുടെ പ്രായശ്ചിത്തത്തെ മുന്നറിയിക്കുന്നതാണ്. ഡി. ഏ. കാർസൺ എഴുതി, "യേശു അത്ഭുതരോഗസൗഖ്യം നൽകിയത്, അവന്റെ ശക്തി കാണിക്കുവാനായിരുന്നില്ല, മറിച്ച് പാപത്തിന്റെ പ്രതിശാന്തിക്കായി തനിക്കു വരുവാനുള്ള മരണത്തിന്റെ പ്രവൃത്തികളായിരുന്നു എന്നു മത്തായി മനസിലാക്കിയിരുന്നു."[22] മോറിസ് പറഞ്ഞു, "തീർച്ചയായും രോഗത്തിന്റെ അവസാന ഉത്തരം ക്രൂശാണ്."[23] ജോൺ ഫിലിപ്സ് ഈ മുഖ്യമായ നിരീക്ഷണം നടത്തി:

> രോഗ കാരണങ്ങളെ യേശു ക്രൂശിൽ കൈകാര്യം ചെയ്തതിനെ കുറിച്ച് നാം സംസാരിക്കുമ്പോൾ സൂക്ഷിക്കണം. ആ പ്രായശ്ചിത്ത ബലി കഴിഞ്ഞയുടനെ *നമുക്ക്* ശാരീരിക സൗഖ്യം കിട്ടി എന്നു ധരിക്കരുത്. അങ്ങനെ പഠിപ്പിക്കുന്ന ആളുകൾ തെറ്റിലാണ്. അത്ഭുത രോഗശാന്തി ഇന്നും ലഭ്യമാണെന്നും, അതു ലഭിക്കാതിരിക്കുന്നതിന്റെ കാരണം അവരുടെ വിശ്വാസക്കുറവാണെന്നും പറഞ്ഞു അവർ മാനസികമായി അവരെ പീഢിപ്പിക്കുന്നതിന് ഉത്തരവാദികൾ ഇക്കൂട്ടരാണ്. മരണത്തിൽനിന്നുള്ള മോചനം നമ്മുടെ അവകാശമല്ല, അതുപോലെയാണ് ശാരീരിക രോഗവും. അവസാനം രോഗത്തിൽനിന്നുള്ള സ്വാതന്ത്ര്യവും മരണത്തിൽനിന്നുള്ള മോചനവും ക്രൂശു മുഖാന്തരം നമ്മുടേതായി. [വെളി. 21:4]–അ

> തിനു പൗലൊസ് പറഞ്ഞതുപോലെ "ശരീരത്തിന്റെ വീണ്ടെടുപ്പിനായി" നാം കാത്തിരിക്കണം (റോമർ. 8:22, 23).[24]

ആളുകളുടെ *ആത്മികാ*വശ്യങ്ങൾ നിറവേറ്റുകയായിരുന്നു യേശുവിന്റെ ലോകത്തിലെ ലക്ഷ്യം; എന്നാൽ അവന്റെ അത്ഭുതങ്ങൾ, പ്രത്യേകിച്ച് രോഗ സൗഖ്യം വ്യക്തമാക്കുന്നത്, അവന്റെ ശക്തിയാൽ പാപത്തിൽനിന്നു നമുക്ക് പൂർണ്ണമായി ലഭിക്കേണ്ട സൗഖ്യത്തെയാണ്. "ദൈവഹൃദയത്തിന്റെ അത്ഭുത വെളിപ്പാടാണ് അവ നമുക്ക് നൽകുന്നത്,"[25] ദൈവത്തിനു തന്റെ ജനത്തോ ടുള്ള നിസ്തുല്യമായ സ്നേഹത്തെയും അത് നമ്മെ ഓർപ്പിക്കുന്നു.

## പാഠങ്ങൾ

### അത്ഭുതങ്ങൾ (ആദ്ധ്യാ. 8)

ഒരു "അത്ഭുതം" എന്നത് "പ്രകൃതി നിയമത്താൽ വിവരിക്കുവാനസാധ്യമാ ണ്, ആകയാൽ അത് അസാധാരണവും ദൈവത്തിന്റെ പ്രവൃത്തിയുമാണ്."[26] സി. എസ്. ലേവിസ് തിരിച്ചറിഞ്ഞു, "ഒരു അത്ഭുതം" എന്നത് "അസാധാരണ ശക്തിയാൽ പ്രകൃതിയിൽ ഇടപെടുന്നതാണ്."[27] തികച്ചും പൂർണ്ണമായ ഒരു നി ർവ്വചനം *വെസ്റ്റ് മിനിസ്റ്റർ ഡിക്ഷ്ണറി ഓഫ് ദ ബൈബിളിൽ* കാണാം:

> ബൈബിൾ സംബന്ധമായ ഇടുങ്ങിയ അർത്ഥത്തിൽ, അത്ഭുതങ്ങൾ പു റംലോകത്തിലെ സംഭവങ്ങളാണ്, ദൈവത്തിന്റെ നേരിട്ടുള്ള ശക്തിയാൽ സംഭവിക്കുന്നതാണ്, ഒരു അടയാളമായിട്ടോ സാക്ഷ്യമായിട്ടോ ആണ് ഉദ്ദേശിച്ചിരിക്കുന്നത്. ദൈവം എല്ലാം നിലനിർത്തുകയും, നിയന്ത്രിക്കു കയും നടത്തുകയും ചെയ്യുന്ന സർവ്വശക്തനായ വ്യക്തി ആകയാലാണ് അവ സംഭവിക്കുന്നത്.[28]

ബൈബിൾ വിവരണങ്ങളിൽ, ദൈവം ചിലപ്പോൾ പ്രകൃതിനിയമത്തെ മാറ്റി നിർത്തി, ദൈവശക്തിയാൽ ചില പ്രവൃത്തികൾ ചെയ്തിരുന്നു, ബൈബിൾ അത്ഭുതങ്ങൾ നിന്നുപോയതിനാൽ (1 കൊ. 13:8–10), ഇന്ന് അത്ഭുത രോഗ ശാന്തി നടത്താൻ കഴിയുമെന്നു പറയുന്നവർ, സ്വയം - വഞ്ചിക്കപ്പെട്ടവരും, മറ്റുള്ളവരെ വഞ്ചിക്കുന്നവരുമാണ്.

ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർക്കും മറ്റുള്ളവർക്കും അത്ഭുതങ്ങൾ നടത്തുവാനുള്ള അധികാരം കൊടുത്തിരുന്നത്, അവർ സംസാരിച്ച വചനം ദൈവത്തിന്റേതായിരുന്നു എന്നു ഉറപ്പിക്കേണ്ടതിനായിരുന്നു (മർക്കൊ. 16:17–20; എബ്രാ. 2:2–4). ഇന്നും ബൈബിൾ ദൈവവചനമാണെന്ന് ആളുകളെ വിശ്വസിപ്പിക്കുവാൻ അത്ഭുതമാവശ്യമാണ് എന്ന് ചിലർ വാദിക്കുന്നു. രക്ഷി ക്കുന്ന വിശ്വാസം ആളുകളിൽ ഉണ്ടാകുവാൻ മതിയായതാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതങ്ങൾ എന്നാണ് യോഹന്നാൻ എഴുതി യിരിക്കുന്നത് (യോഹ. 20:30, 31). ദൈവവചന കേൾവിയാലാണ് വിശ്വാസം വരുന്നത് (റോമ. 10:17), അല്ലാതെ അത്ഭുതം കണ്ടിട്ടല്ല. യേശുവിന്റെ അത്ഭുത ങ്ങൾ കണ്ട പലരും അവനിൽ വിശ്വസിച്ചിരുന്നില്ല (12:22–24). ദൈവം ഇന്നും പ്രവർത്തിക്കുന്നു, പക്ഷെ അത് അവന്റെ കരുണാധിക്യപ്രകാരവും, താൻ

സൃഷ്ടിച്ച പ്രകൃതിയുടെ ക്രമമനുസരിച്ചുമാണ്.

**കുഷ്ഠം (8:1-4)**

ബൈബിൾ കാലഘട്ടത്തിൽ കുഷ്ഠം എന്ന പേരിൽ അനവധി രോഗങ്ങളുണ്ടായിരുന്നു. വാസ്തവത്തിൽ കുഷ്ഠം പോലെ തോന്നിയിരുന്നത് എല്ലാം കുഷ്ഠമായിരുന്നില്ല. പുരോഹിതൻ രോഗനിർണ്ണയം നടത്തേണ്ടതെങ്ങനെയെന്ന് ലേവ്യാപുസ്തകം 14:1–32–ൽ പറഞ്ഞിരിക്കുന്നു. ആ സമയത്ത്, ആ രോഗത്തിന് പൂർണ്ണമായ പ്രതിവിധി ഇല്ലാതിരുന്നതിനാൽ, ഒരാൾക്ക് കുഷ്ഠം മാറിയാൽ അതു ദൈവകൃപയാലായിരുന്നു (2 രാജാ. 5:1–19; ലൂക്കൊ. 4:27). സൗഖ്യമാകൽ വിരളമായിരുന്നുവെങ്കിലും, സുഖമായാൽ, സമൂഹം അവനെ വീണ്ടും സ്വീകരിക്കുന്നതിനു ചില നടപടിക്രമങ്ങളുണ്ടായിരുന്നു (സംഖ്യ. 12:13–15; 2 രാജാ. 5:9–14) ദൈവത്തിന്റെ നേരിട്ടുള്ള പ്രവൃത്തി മൂലം കുഷ്ഠം വന്നിരുന്നു (സംഖ്യ. 12:9–15).

കൃപയിൻ കീഴിലുള്ള പാപികളായിട്ടായിരുന്നു കുഷ്ഠരോഗികളെ ന്യായപ്രമാണം കണ്ടിരുന്നത്. പാപം ഒരാളെ ദൈവത്തിൽനിന്നും തന്റെ ജനത്തിൽനിന്നും വേർപെടുത്തിയിരുന്നു (യെശ. 59:1, 2), കുഷ്ഠരോഗിയെ സമൂഹം അകറ്റിനിർത്തിയിരുന്നതുപോലെ ആയിരുന്നു. പാപത്താലുള്ള വേർപാട് താൽകാലികമോ, സ്ഥിരമോ ആകാറുണ്ടായിരുന്നു (2 തെസ. 1:6–9). ആ വേർപാട് വാസ്തവത്തിൽ എന്താണ് അർത്ഥമാക്കുന്നതെന്ന് ആളുകൾ ഇപ്പോൾ മനസിലാക്കുകയില്ല, എന്നാൽ ന്യായവിധിക്കു ശേഷം മനസിലാക്കും (25:41, 46). പാപരോഗം ഭേദമാക്കാം. ആത്മാവിൽ ക്രിസ്തുവിന്റെ രക്തം പുരട്ടുകയാണ് വേണ്ടത് (എഫെ. 1:7; കൊലൊ. 1:20; വെളി. 1:5)

**അതിശയിപ്പിച്ച വിശ്വാസം (8:5-13)**

ഈ സംഭവത്തിൽ, ശതാധിപനെ പോലെ ധാരാളം ഉത്തമ പുരുഷന്മാരുണ്ടായിട്ടുണ്ട്. (1) അവൻ അധികാരവും സ്വാധീനവുമുള്ളവൻ, കഫർന്നഹൂമിലെ അനേകർ അവനെ ബഹുമാനിച്ചിരുന്നു എന്നതിൽ സംശയമില്ല. (2) സ്വാധീനശക്തിയുള്ളവനായിരുന്നുവെങ്കിലും, അവൻ താഴ്മയുള്ളവനായിരുന്നു. അവൻ യേശുവിനോട് പറഞ്ഞു, "കർത്താവേ, നീ എന്റെ പുരക്കകത്തു കടക്കുവാൻ ഞാൻ യോഗ്യനല്ല" (8:8). (3) യെഹൂദദേശത്തെ സ്നേഹിച്ചവനായിരുന്നു ശതാധിപൻ (ലൂക്കൊ. 7:5) അവൻ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരാലാണ് അവൻ വളർത്തപ്പെട്ടതെങ്കിലും, അവൻ സ്പഷ്ടമായും "ദൈവ - ഭയമുള്ളവനായി" മാറിയിരുന്നു. (4) അവൻ ഉദാരശീലനുമായിരുന്നു. ശതാധിപനാണ് പ്രാദേശിക പള്ളി പണിയിച്ചതെന്ന് കഫർന്നഹൂമിലെ യെഹൂദ മൂപ്പന്മാർ പറഞ്ഞിരുന്നു (ലൂക്കൊ. 7:5). അതിന്റെ പണിക്ക് ആവശ്യമുള്ള സാമ്പത്തിക സഹായവും അവൻ ചെയ്തിരിക്കാം. (5) ആ ഉത്തമ സ്വഭാവങ്ങൾക്കു പുറമെ, അവന് വലിയോരു വിശ്വാസവുമുണ്ടായിരുന്നു. ദൂരെ നിന്നു നീ "ഒരു വാക്കു പറഞ്ഞാൽ" മതി എന്റെ ബാല്യക്കാരനു സൗഖ്യം വരും എന്ന് അവൻ യേശുവിനോട് പറഞ്ഞു (8:8). ശതാധിപൻ പറഞ്ഞതിൽ യേശു "അതിശയിച്ച്" പറഞ്ഞു, "ഇത്ര വലിയ വിശ്വാസം ഞാൻ യെരുശലേമിൽ പോലും കണ്ടിട്ടില്ല." (8:10). ഇന്നത്തെ നമ്മുടെ വിശ്വാസത്തോട് യേശു എന്തു പറയും?

ഡേവിഡ് സ്റ്റുവർട്ട്

**സേവിക്കുവാൻ രക്ഷിക്കപ്പെട്ടു (8:14, 15)**

പത്രൊസിന്റെ അമ്മാവിയമ്മക്കു സൗഖ്യമായ ഉടനെ അവൾ യേശുവിനും ആ വീട്ടിൽ കൂടിവന്ന എല്ലാവർക്കും ശുശ്രൂഷ ചെയ്തു (ലൂക്കൊ. 4:39 നോക്കുക). യജമാനന്റെ സ്പർശനം അവളുടെ ജീവിതത്തെ മാറ്റി. ക്രിസ്തുവിനാൽ നമുക്ക് ലഭിച്ച ആത്മിയ സൗഖ്യം അതുപോലെ സൽ പ്രവൃത്തികൾക്കായി മാറ്റും. നാം കൃപയാൽ രക്ഷിക്കപ്പെട്ടു എന്ന് ഊന്നി പറഞ്ഞശേഷം, പൗലൊസ് പറഞ്ഞു, "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിന്നു ദൈവം അതു മുന്നൊരുക്കിയിരിക്കുന്നു" (എഫെ. 2:10).

ഡേവിഡ് സ്റ്റുവർട്ട്

**രോഗത്തിന്റെ മൂലകാരണം (8:16, 17)**

"കർത്താവിന്റെ ദാസൻ" എന്ന നിലയിൽ യേശുവിന്റെ ശുശ്രൂഷയുടെ ഭാഗമായിരുന്നു രോഗികളെ സൗഖ്യമാക്കൽ (യെശ. 53:4), അവൻ എന്തിനു ലോകത്തിലേക്കു വന്നു എന്നതിന്റെ അവസാനമായിരുന്നില്ല അത്. ഹാഗ്നെർ വിവരിച്ചു, "നാം അതിജീവിക്കേണ്ട യഥാർത്ഥ ശത്രുവല്ല രോഗം: ശത്രു പാപമാണ്, കാരണം പാപത്തിൽ വീണുപോയ ലോകം എത്രമാത്രം രോഗവും കഷ്ടതയുമാണ് പുറപ്പെടുവിച്ചിരിക്കുന്നത്."[29] യേശു ക്രൂശിൽ മരിച്ചപ്പോൾ, പാപങ്ങളുടെ മോചനത്തിനായി അവൻ രക്തം ഒഴുക്കി (26:28). ആ രക്തവുമായി സ്നാനത്തിൽ ബന്ധപ്പെട്ട നാം ഓരോരുത്തരും (പ്രവൃ. 2:38; റോമ. 6:3, 4; വെളി. 7:14) തുടർച്ചയായി ആ രക്തത്താൽ കഴുകപ്പെട്ടുകൊണ്ടിരിക്കുകയും (1 യോഹ. 1:9) അവസാനം അമർത്യമായ ശരീരം ലഭിക്കുകയും ചെയ്യും (1 കൊ. 15:50–57; 1 യോഹ. 3:2). അങ്ങനെ നാമെല്ലാവരും നിത്യതയിൽ ദൈവത്തോടുകൂടെ സ്വർഗത്തിൽ നിത്യം വസിക്കും, അവിടെ മരണമോ, വിലാപമോ, കരച്ചലോ, വേദനയോ ഉണ്ടാകയില്ല (വെളി. 21:4).

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]*ലെവറ്റിക്കസ് രാബാ* 16.6, 7; 17.3; *നമ്പേഴ്സ് രാബാ* 7.5; 16:6; *ഡ്യൂട്ടറോണമി രാബാ* 6.8. [2]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂ ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 73. [3]സീ ജെയിംസ് എഫ് സ്ട്രെയിഞ്ച് ആന്റ് ഹെർഷൽ ഷാങ്ക്സ്, "യേശു കഫർന്നഹൂമിൽ താമസിച്ച വീട് കണ്ടെടുത്തിട്ടുണ്ടോ?" "കഫർന്നഹൂമിൽ ഭൂഗർഭ ഗവേഷണത്തിൽനിന്നും ബൈബിളിൽനിന്നും യേശു ഉപദേശിച്ച പള്ളി കണ്ടെടുത്തിട്ടുണ്ടോ?" ദ ബെസ്റ്റ് ഓഫ് ബാർ, വാല്യം 2, *ആർക്കിയോളജി ഇൻ ദ വേൾഡ് ഓഫ് ഹെരോദ്, ജീസസ് ആന്റ് പോൾ,* എഡ്. ഹെർഷെൽ ഷാങ്ക്സ് ആന്റ് ഡാൻ പി. കോൾ (വാഷിങ്ടൺ. ഡി. സി.: ബിബിളിക്കൽ ആർക്കിയോളജി സ്വസൈറ്റി, 1990), 188–99, 200–7. [4]ടാക്റ്റിക്കസ് *അനൽസ്* 4.5. സീ എവററ്റ് ഫെർഗൂസൺ, *ബാക്ഗ്രൗണ്സ് ഓഫ് ഏർലി ക്രിസ്ത്യാനിറ്റി,* 2 ൻഡ് എഡ്. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1993), 46–48. [5]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.

ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 158. [6]ലിയോൺ മോറിസ്, *ലൂക്ക്: ആൻ ഇൽട്രൊഡക്ഷൻ ആന്റ് കമെന്ററി*, റെവ എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 151. [7]യോഹന്നാന്റെ സുവിശേഷത്തിൽ, ഇതേ രീതിയിൽ കഫർന്നഹൂമിലെ "ഒരു രാജ ഭൃത്യനു" സംഭവിക്കുന്നുണ്ട് (യോഹ. 4:46–54). എങ്ങനെയായാലും, അവിടെ ഉപയോഗിച്ച വാക്ക് "മകൻ" (*ഹൂയിയോസ്*) എന്നാണ്, അല്ലാതെ "ബാല്യക്കാരൻ" എന്നല്ല. [8]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 90. [9]മൗൺസ്, 74. [10]മിഷ്നാ ഒഹോലോത്ത് 18.7.

[11]ഹെയർ 91. [12]എസ്. സ്കോട്ട് ബാർച്ചി, "ടേബിൾ ഫെലോഷിപ്" ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡ്. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 796. [13]എച്. ലിയോ ബോൾസ്, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (നാഷ്വിലേ.: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 191. [14]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 195. [15]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 123. [16]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു* 1–13, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33 ഏ (ഡള്ളാസ് വേർഡ് ബുക്ക്സ്, 1993), 209. [17]ശബ്ബത്തിൽ ജോലി ചെയ്യുന്നതിനെ സംബന്ധിച്ച് റബ്ബിമാർ മുപ്പത്തി – യൊമ്പതു വിലക്കുകൾ കൽപിച്ചിരുന്നു. അതിൽ അവസാനത്തേതായിരുന്നു "ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക് ചുമട് ചുമക്കുക എന്നത്" (മിഷ്നാ *ഷാബാത്ത്* 7.2). ജീവനുള്ള ഒരാളെ മറ്റൊരാൾ ചുമന്നുകൊണ്ടുപോകുന്നത് ഒരു റബ്ബി ഒഴിവാക്കിയിരുന്നു (മിഷ്നാ *ഷാബാത്ത്* 10.5).എങ്ങനെയായാലും, മറ്റുള്ളവർ ആ കാഴ്ച്ചപ്പാടിനെ എതിർത്തിരുന്നു. [18]*ടെസ്റ്റമെന്റ് ഓഫ് സോളമൻ* 2.4.; 5.5, 13; 8.5–11; തോബിറ്റ് 6:7, 8, 16–18; 8:2, 3; ജോസെഫസ് *ആന്റിക്വിറ്റിസ്* 8.2.5. [19]ഗ്രഹാം എച്ച്. ട്വെൽഫ്ട്രീ, "ഡീമൺ, ഡെവിൾ, സാറ്റൻ," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡ്. ജോവേൽ ബി.ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 167. [20]ആൽബർട്ട് ബാർണെസ്, *നോട്ട്സ് ഓൺ ദ ന്യൂടെസ്റ്റമെന്റ്: മാത്യു ആന്റ് മാർക്ക്*, എഡ്. റോബർട്ട് ഫ്രെ (ഫിലദെൽഫിയ: എൻ.പി., 1832 റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1974), 88. യെശയ്യാവ് 53:4 ഉം മത്തായി 8:17 എൻആർഎസ്വിയും താരതമ്യം ചെയ്യുക.

[21]ലേവിസ്, 124. [22]ഡി. എ. കാർസൺ, *വെൻ ജീസസ് കൺഫ്രണ്ട്സ് ദ വേൾഡ്: ആൻ എക്സ്പൊസിഷൻ ഓഫ് മാത്യു 8–10* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1987), 33. [23]മോറിസ്, *മാത്യു*, 198. [24]ജോൺ ഫിലിപ്സ്, *എക്സ്പ്ലോറിങ് ദ ഗോസ്പെൽ ഓഫ് മാത്യു: ആൻ എക്സ്പോസിറ്ററി കമെന്ററി*, ദ ജോൺ ഫിലിപ്സ് കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ക്രെഗെൽ പബ്ലിക്കേഷൻസ്, 1999), 151. [25]വില്യം എം. ടെയ്ലർ, *ദ മിറാക്കിൾ ഓഫ് അവർ സേവിയർ* (ന്യൂയോർക്ക്.: ഡബിൾഡേ, ഡൊറാൻ ആന്റ് കമ്പനി., 1928), 26. [26]ദ *അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി,* 4 ത് എഡി., (2001), എസ്. വി. "മിറക്കിൾ." [27]സി. എസ്. ലേവിസ്, *മിറക്കിൾസ്: ഏ പ്രിലിമിനറി സ്റ്റഡി* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1947), 10. [28]ഹെന്റി സ്നിഡർ ഗെഹ്മാൻ, എഡി., "മിറക്കിൾ" *ദ ന്യൂ വെസ്റ്റ് മിനിസ്റ്റർ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ* (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1970), 622. [29]ഹാഗ്നെർ, 211.